# ചിലമ്പ്



## ലിറ്റിൽ കൈറ്റ്സ് ഇ മാഗസിൻ

## ഉള്ളടക്കം

എഡിറ്റോറിയൽ.....3
ചരിത്രം.....4
കനിവ്.....5
കാണാത്ത കാഴ്ചകൾ.....6
സ്വാതന്ത്ര്യം.....7
സ്വാതന്ത്ര്യം.....8
അനുസരണ.....10
അന്നു പെയ്ത മഴയിൽ.....11
കാക്കയ്ക്കു പറ്റിയ അമളി.....13
എന്റെ നാട്.....16
അമ്മയുടെ വിലാപം.....18
സദ്യ.....20
സ്വാതന്ത്രത്തിന്റെ മഹത്വം.....22
അത്യാഗ്രഹം ആപത്ത്.....25
അമ്മ.....26
കേരളം.....28
സ്വാർത്ഥത.....29
മഴമുകിലും മനുഷ്യനും.....40
എന്റെ പ്രകൃതി.....42
എന്നു കിട്ടി നമുക്കീ സ്വാതന്ത്രം.....45
ചെന്നായ പേടിച്ചേ !.....46

***എഡിറ്റോറിയൽ***

***ചിലമ്പ്***

***അക്ഷരങ്ങളുടെ............***

***ആശയങ്ങളുടടെ..................***

***ആവിഷ്ക്കാരത്തിൻ്റെ.......................***

***ആത്മനിർവൃതിയുടെ................................***

***ഒത്തൊരുമയുടെ..................................................***

***ചിലമ്പ്!!!!!!!!!!!!!!!!!!!***

***താളാത്മകമാകട്ടെ***

***ആസ്വാദ്യമാകട്ടെ***

***ചിലമ്പ് ഇനി നിങ്ങളിലേക്ക്***

**സ്നേഹപൂർവ്വം........**

**എഡിറ്റർ**

# ചരിത്രം..................

**എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ കിഴക്കമ്പലം പഞ്ചായത്ത് ഒൻപതാം വാർഡ് ഞാറല്ലൂർ കരയിൽ ബേത്‌ലഹേം ദയറ ഹൈസ്കൂൾ സ്ഥിതിചെയ്യുന്നു.**മലങ്കര ഓർത്തഡോക്സ് സഭയിലെ ബേത്‌ലഹേം സെന്റ് മേരീസ് ദയറാ എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ 1953 ജൂൺ മാസത്തിൽ അന്നത്തെ അങ്കമാലി ഭദ്രാസനാധിപനായിരുന്ന വയലിപ്പറമ്പിൽ നി.വ.ദി.ശ്രീ. ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ പരിശ്രമത്താൽ ബേത്‌ലഹേം ലോവർ പ്രൈമറി സ്കൂൾ സ്ഥാപിതമായി. റവ. മദർ എലിശുബാ സ്കൂൾ മാനേജരും പ്രഥമ പ്രധാനാദ്ധ്യാപികയുമായിരുന്നു. 1962- ൽ യു.പി. സ്കൂളായും 1982-ൽ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്തു.

**സ്റ്റാഫ്**

_ സിസ്റ്റർ സാറ P C യാണ് പ്രധാനാദ്ധ്യാപിക. അദ്ധ്വാനശീലരായ അദ്ധ്യാപികമാരുടെ സേവനം എന്നും ഈ സ്കൂളിനെ അഭിവൃദ്ധിയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നു. ബേത്‌ലഹേം ദയറായിലെ സിസ്റ്റേഴ്സ് ഉൾപ്പെടുന്ന പ്രഗത്ഭരായ **75** അദ്ധ്യാപികമാരും 7 അദ്ധ്യാപികേതരരും സ്കൂൾ സ്റ്റാഫിലുണ്ട്.

**പ്രവർത്തനങ്ങൾ**

ഒന്നു മുതൽ പത്തു വരെ ക്ലാസുകളിൽ 2293 കുട്ടികൾ ഈ വർഷം പഠിക്കുന്നു.സമാന്തരമായ ഇംഗ്ലീഷ് മീഡിയം അറബി ഭാഷാ പഠനം എന്നിവ വിദ്യാലയത്തിലുണ്ട്. **കഴിഞ്ഞ** S S L C **പരീക്ഷയിൽ** 242 **കുട്ടികൾ പരീക്ഷ എഴുതി, അതിൽ** 38 **പേർക്ക്** FULL A+ **ഉം** 14 **പേർക്ക്** 9A+ **ഉം** 100% **വിജയവും ലഭിച്ചു.** L S S ,U S S SCHOLARSHIP EXAMINATION, NATIONAL MEANS COME MERIT SCHOLARSHIP EXAMINATION **തുടങ്ങിയ മത്സരപരീക്ഷകളിൽ ആ**ലുവ വിദ്യാഭ്യാസ ജില്ലൽ ഏറ്റവും കൂടുതൽ കുട്ടികൾ വിജയിക്കുന്ന സ്കൂളാണിത്. മികച്ച സ്കൂളുകളിലൊന്നായി, കുട്ടികളുടേയും നാട്ടുകാരുടേയും സമൂഹത്തിന്റേയും നന്മ ലക്ഷ്യമാക്കിക്കൊണ്ട് **ബേത്‌ലഹേം ദയറ** ഹൈസ്കൂൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു .

**പാഠ്യേതര പ്രവർത്തനങ്ങൾ**

പാഠ്യേതര വിഷയങ്ങളിലും ഈ സ്കൂൾ എക്കാലവും മികവ് പുലർത്തിവരുന്നു. ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ യൂണിറ്റ് 1989 മുതൽ ഇവിടെ പ്രവർത്തിക്കുന്നു. **ജില്ലാഭരണകൂടത്തിൻറെ ആഭിമുഖ്യത്തിൽ നടക്കുന്ന സ്വാതന്ത്ര്യദിന പരേഡിൽ തുടർച്ചയായി ഒന്നാം സ്ഥാനം നേടുന്നത് ഈ സ്കൂളിലെ**ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ യൂണിറ്റാണ് . RED CROSS UNIT **ഉം മികച്ച രീതിയിൽ** പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. **കഴിഞ്ഞ മൂന്ന് വർഷമായി വടംവലി മത്സരത്തിൽ ദേശീയതലത്തിൽ** 7 **കുട്ടികൾ സ്വർണ്ണ മെഡൽ ജേതാക്കളായി . സ്കൂളിൻ അഭിമാനം വാനോളം ഉയർത്തി. നെറ്റ് ബോളിൻറെ ഒരു ടീമും ഈ സ്കൂളിന് സ്വന്തമായുണ്ട്.കലാകായിക പ്രവർത്തിപരിചയ ഇനങ്ങളിലെല്ലാം സബ്ജില്ല,ജില്ല, സംസ്ഥാന തലങ്ങളിൽ കുട്ടികൾ മികവ് പുലർത്തുന്നു.**

# കനിവ്

നിശ്ചയമായുമുണ്ടെല്ലാർക്കുമുള്ളിലായ്
നൻമകൾ പൂകുന്ന കല്പവൃക്ഷം
ജലമേകി നിത്യവും പരിപാലിച്ചീടുകിൽ
ഒരു പാടുപേർക്കതു തണലായീടാം
തണലേൽക്കുവാനല്ല തണലേകുവാനാണ്
യൗവനമെന്നു തിരിചറിയൂ
വെയിലിനെ പഴിപറയാനല്ല
സ്വയമൊരു തണൽച്ചില്ല
തീർക്കുവനായ് ശ്രമിക്കൂ
ജീവിതം നൽകിയൊരുച്ച വെയിലേറ്റു
വാടി തളർന്നവർക്കാശയേകാൻ
ഒരു ദാഹതീർത്തമായ്
ഒരു തണൽ ചില്ലയായ്
ഒരു പുണ്യമാക്കിടാമീ ജീവിതം
മാനുഷ ജീവൻെറ മാറ്റു ഗണിപ്പതു
മടിശീലതൻകണം മാതമല്ല
ഉള്ളിൽ കനിവിനുറവയുണ്ടാകുകിൽ
ഉയിരിൻെറ മൂലം മനസ്സിലല്ല
മൂല്യങ്ങളൊന്നുമേ കൈമോശമാവാതെ
മുന്നോട്ടു നീങ്ങുവാനൊന്നിച്ചിടാം

## കാണാത്ത കാഴ്ചകൾ

പാരിന്റെ വർണ്ണമേലും നിറക്കാഴ്ചകൾ
കാണാതെ കാണുന്ന പാപജന്മം
സൃഷ്ടികർത്താവിൻ കരത്താൽ ചമയ്ക്കവെ
കാഴ്ചയേകിടാൻ മറന്നതാവാം....
നല്ലതല്ലാത്തതാം കാഴ്ചകളൊന്നുമേ ....
കാണേണ്ടയെന്ന് നിനച്ചതാവാം....
സൂര്യ പ്രകാശവും ചന്ദ്രന്റെ ശോഭയും
പാടെ നിഷേധിച്ചതെന്തിനാവാം....?

# സ്വാതന്ത്ര്യം

കർഷകർക്ക് വെള്ളമില്ലാതെ,ഭക്ഷണമില്ലാതെ, മാറ്റിയെടുക്കാൻ വസ്ത്ര്ം പോലുമില്ലാതെ, നിഷേധിക്കപ്പെട്ട കമ്പനിയിലെ അടിമകളായി ജീവിക്കേണ്ടി വന്നു. അപ്പോഴാണ് ആ ജനങ്ങൾക്ക് സ്വാതന്ത്രത്തിൻെറ മഹത്വം തിരിച്ചറിയാൻ സാധിച്ചത്. സ്വന്തം കുടുംബത്തിനെ ഒരു നോക്കു കാണാതെ പുറം ലോകവുമായുള്ള ബന്ധം നിഷേധിക്കപ്പെട്ട് ആ കമ്പനിക്കുള്ളിൽ അടിമ ജീവിതം നയിക്കപ്പെട്ട അവർ അപ്പോഴാണ് ശിവൻെറ വാക്കിൻെറ വില തിരിച്ചറിഞ്ഞത്. മറ്റുള്ളവരെ ഒറ്റ നോട്ടത്തിൽ വിശ്വസിക്കരുതെന്ന പാഠം അവർ പഠിച്ചു.

ദിവസങ്ങൾക്ക് ശേഷം ഉദ്യോഗസ്ഥരുടെ കണ്ണ് വെട്ടിച്ച് കുറച്ച് കർഷകർ കമ്പനിക്കുള്ളിൽ നിന്നും പുറത്തുചാടി. നേരെ അവർ ചെന്നത് ശിവൻെറ അടുക്കലാണ്. തങ്ങൾക്ക് നിഷേധിക്കപ്പെട്ട സ്വാതന്ത്രം തിരിച്ചുലഭിക്കണമെന്ന ശിവനോട് അവർ ദയനീയതയോടെ
ആവശ്യപ്പെട്ടു. ശിവൻെറ വാക്കുകൾക്ക് പ്ര്ാധാന്യം കൽപ്പിക്കാതെ
എടുത്തുചാടി പ്ര്വർത്തിച്ച് ആപത്തിലേക്ക് ചെന്നു ചാടിയതിനു ശിവനോട് കർഷകരെൽലാം ക്ഷമ ചോദിച്ചു. കർഷകരും ശിവനും മറ്റു ഗ്രാമത്തിലെ
ജനങ്ങളും ഒത്തുചേർന്നു കർഷകരെ സ്വതന്ത്രരാക്കണമെന്ന് ആവശ്യപ്പെട്ട് അതിനായി നാളുകൾ പോരാടി.

അങ്ങനെ കമ്പനികൾക്കെതിരെ ശക്തമായി യെതിർത്ത് നിന്ന് എൽലാവരും ചേർന്ന് കർഷകർക്ക് നിഷേധിക്കപ്പെട്ട സ്വാതന്ത്രം തിരിച്ചു നേടി. ഇനി മറ്റുള്ള ഏതു ഉദ്യോഗസ്ഥർ വിലയേറിയ പ്ര്ലോഭനങ്ങളുമായി അടുത്ത് വന്നാലും അതിന് ഗ്രാമത്തിലെ ആരും വഴങ്ങുകയിൽലെന്ന തീരുമാനമെടുത്ത് കൃഷികൾ ചെയ്ത് അതിൽ നിന്നുമുള്ള ചെറിയ ലാഭത്തെ ഉൾക്കൊണ്ട് അതിൽ സന്തുഷ്ടരായി അവർ ജീവിച്ചു.

എന്നിരുന്നാലും ശിവൻ എന്ന നേതാവിന് പ്ര്ചോദ നമായി പ്ര്വൃത്തിച്ച് പിറന്ന നാടിനു വേണ്ടി ജീവൻ ഒടുക്കാൻ തയാറായി ജനങ്ങൾക്ക് തുണയായി നമുക്ക് സ്വാതന്ത്രം നേടി തന്ന മഹാത്മരായിരു ന്നു.

ആഷിത സിദ്ദീഖ്

9.e

# സ്വാതന്ത്ര്യം

കാരുണ്യമാം ഗാന്ധിജി നേടിതന്ന സ്വാതന്ത്ര്യം
നാമേവരുടെയും സ്വപ്നം
പോലീസുകാരുടെ കോട്ടയിൽ കയറി
അവിടെന്നേ മർദ്ദനവും നേടി,
സമാധാനപ്പൂർവ്വം സമരപാതകൾ നയിച്ച്
നേടിതന്നു ഗാന്ധിജി സ്വാതന്ത്ര്യം
കണ്ണുചിമ്മാതെ കാതോർത്തുകൊണ്ട്
സ്വാതന്ത്ര്യത്തിനായി പൊരുതി
ഗാന്ധിധീരസഖാക്കൾ
അഹിംസയെ പടച്ചട്ടയാക്കി
ജാതിമതവർഗഭേദമില്ലാതെ
സ്വാതന്ത്ര്യം...............
സ്വാതന്ത്ര്യം   അത്
അവസാനിക്കാത്താഗ്രഹം
കൂടെനിന്ന് എപ്പോഴും
കരുത്താർജിക്കുന്ന സ്വപ്നം
സ്വാതന്ത്ര്യം.....................

# ആദി ഗുരു

ഒരിക്കൽ അക്ബർ ചക്രവർത്തി ബീർബലിനോട് പറഞ്ഞു; ബീർബൽ രണ്ടു വനിതകളെ ദർബാർഹാളിൽ ഹാജരാക്കണം. ഒരുവൾ ധീരയും മറ്റവൾ ഭീരുവും ആയിരിക്കണം. അടുത്ത ദിവസം ദർബാർഹാൾ നിറഞ്ഞു നിൽക്കുന്ന സമയം ബീർബൽ ഒരു വനിതയെ മാത്രം ഹാജരാക്കുന്നതു കണ്ടപ്പോൾ ചക്രവർത്തിക്ക് കലശലായ ദേഷ്യം തോന്നി അദ്ദേഹം കോപത്തോടെ "മന്ത്രീ,താങ്കളോട് ഒരു ധീരവനിതയെയും ഒരു ഭീരു വനിതയെയും കൊണ്ടുവരാൻ പറഞ്ഞിട്ട് ഇതെന്താ ഒരാളെ മാത്രമേ കിട്ടിയുള്ളു". വിനയാന്വിതനായി ബീർബൽ പറഞ്ഞു "പ്രഭോ, അവിടുത്തെ മുന്നിൽ നിൽക്കുന്ന ഈ സ്ത്രീരത്നം തന്നെയാണ് ഏറ്റവും ധൈര്യശാലിയും അതേ സമയം തന്നെ ഭീരുവുമായ വ്യക്തി". "എന്താണ് ബീർബൽ താങ്കൾ പറയുന്നത് വ്യക്തമാക്കൂ". ചക്രവർത്തി അക്ഷമനായി. "തിരുമേനി, തന്റെ പൈതൽ ഏതെങ്കിലും അപകടത്തിൽപെടുന്ന സമയം രണ്ടാമതൊന്ന് ആലോചിക്കാതെ അവൾ അതിന്റെ രക്ഷയ്ക്കെത്തും. തന്റെ കുഞ്ഞിനെ രക്ഷിക്കാൻ കത്തിയെരിയുന്ന വീട്ടിൽ കയറാനും ആഴമേറിയ കിണറ്റിലേയ്ക്ക് എടുത്തുചാടാനും ഇവർക്ക് ഒട്ടും ചിന്തിക്കേണ്ടതില്ല. ഒരു ജീവൻ രക്ഷിക്കാൻ വേണ്ടി സ്വന്തം ജീവൻ പോലും ബലിയർപ്പിക്കാൻ സന്നദ്ധയാകുന്ന വനിതയേക്കാൾ ധൈര്യശാലി മറ്റാരുണ്ട് ? ഇതേ സ്ത്രീ തന്നെ ഭർത്താവിന്റെ സുരക്ഷിതവലയത്തിൽ കഴിയുന്ന സമയം ഒരെലിയോ തൊടിയിൽ ഒരു ചീവിട് കരഞ്ഞാലോ അവൾ ഭയം കൊണ്ട്ചൂളിപ്പോകുന്നു. അത്രയ്ക്ക് ഭീരുവായ മറ്റൊരാളെ എവിടെ കാണാനാകും?" ബീർബലിന്റെ ഉത്തരം കേട്ട് ചക്രവർത്തി നിശബ്ദനായപ്പോൾ ബീർബൽ ഒരിക്കൽ കൂടി എടുത്തുപറഞ്ഞു. "ആവശ്യമെന്നു കണ്ടാൽ സ്വന്തം ജീവൻ ബലിയർപ്പിക്കാൻ പോന്ന ധൈര്യം സ്ത്രീയുടെ ആത്മാവിൽ അമർന്നിരിക്കുന്നു. അതേപ്രകാരത്തിൽ മനസ്സിന്റെ മറുവശത്ത് കൊടിയ ഭീരുത്വവും ഉറങ്ങിക്കിടക്കുന്ന പ്രകൃതിഭാവമാണ് സ്ത്രീ.അമ്മയാണ് ആദി ഗുരു. ആധി തീർത്തിടുന്ന വീടിന്റെ വിളക്ക്. സ്ത്രീയെ നന്മയിലേയ്ക്ക് നയിച്ചാൽ വീട് നന്നാകും. അമ്മ പകരുന്ന അറിവും പാലുമാണ് മക്കൾക്ക് എന്നും സ്വത്ത്. ആ മക്കളാണ് നാടിന്റെ സ്വത്ത്. അതുകൊണ്ട് തന്നെ ആത്മീയമണ്ഡലങ്ങളിൽ നിന്ന് ഒരിക്കലും സ്ത്രീകളെ അകറ്റി നിർത്തുവാൻ പാടില്ല. സ്ത്രീകൾ അറിവുള്ളവരാണെങ്കിലേ വീടും നാടും നന്നാകൂ."

കീർത്തന മഹേഷ്
VI C

## അനുസരണ

പണ്ടുപണ്ട് ഒരു കാട്ടിൽ വൻമരത്തിൽ ഒരു അച്ഛൻ കിളിയും അമ്മ കിളിയിം ഉണ്ടായിരുന്നു.അവർ ഇരുവരും ആ മരത്തിലാണ് താമസിചിരുന്നത്.അമ്മക്കിളി നാല് മുട്ടയിട്ടു.മുട്ടവിരിഞ്ഞ് കു-ഞ്ഞുങ്ങൾ പുറത്തുവന്നു.മഹാ വികൃതികളായിരന്നു അവർ. അച്ഛനും
അമ്മയും പറയുന്നത് ഒന്നും അവർ അനുസരിക്കില്ല. അങ്ങനെയിരിക്കെ കാട്ടിൽ പഴങ്ങൾ കിട്ടാതായി.കുഞ്ഞുങ്ങൾ വിശന്ന് കരയാൻ തുടങ്ങി.അച്ഛനും അമ്മയും പറഞ്ഞു"ഞങ്ങൾ ദൂരെ കാട്ടിൽ ഭക്ഷണം കൊണ്ടുവരാം. നിങ്ങൾ കാട്ടിൽ നിന്ന് പുറത്തിറങ്ങരുന്നത്".കുഞ്ഞുങ്ങൾ എല്ലാം സമ്മതിച്ചു. അച്ഛനും അമ്മയും പോയി. അൽപം കഴിഞ്ഞ് കുഞ്ഞുങ്ങൾ പുറത്തിറങ്ങി വൻമരത്തിൽ നിന്ന് താഴെ വീണു അവരുടെ കഥ കഴിഞ്ഞു. ഇതിൽ നിന്ന് നാം പഠിക്കേണ്ട ഗുണപാഠം അച്ഛൻ അമ്മമാർ പറയുന്നത് അനുസരിക്കണം.

## അന്നു പെയ്ത മഴയിൽ

അവളുടെ താമരമൊട്ടുപോലെയുള്ള കണ്ണുകളിൽനിന്ന് കണ്ണുനീർ
ഇറ്റുവീണുകൊണ്ടിരുന്നു. അപ്പോഴും അവൾ
മൂകയായിരുന്നു . പുറത്ത് മഴ ആർത്തിരമ്പ പുന്നുണ്ടായിരുന്നു ,ആരെയോ നഷ്ടപ്പെട്ട
ദു:ഖത്താൽ ...........

അവളുടെ ആഗ്രഹം പോലെത്തന്നെ അവൾക്ക് നല്ല ഒരു ജോലി
ലഭിച്ചു . അച്ചനും,അമ്മയും,സഹോദരനും അടങ്ങുന്നതായിരുന്നു അവളുടെ
കുടുംബം.ദാരിദ്രമായിരുന്നെന്കിലും അവർ വളരേ സന്തോഷത്തോടെയായിരുന്നു കഴി
ഞ്ഞിരുന്നത്.

ഒരു ദിവസം അവൾ ഓഫീസിൽ നിന്ന് മടങ്ങി വീട്ടിലേക്ക് പോകാൻ
അ
ബസ്സ്റ്റോപ്പിൽ നിൽക്കുകയായിരുന്നു.പെട്ടന്ന് ഒരു മഴ. എല്ലാവരും ബസ്സറ്റോപ്പിൽ
ഒടിക്കയറി.ഒരാൾ മാത്രം ബസ്സ്റ്റോപ്പിന് എതിരെ കാണുന്ന ചായകടയിൽ
കയറി.അവൾ ആദ്യമായിട്ടാണ് അവനെ കാണുന്നത് . പിറ്റേന്ന് അതേ സമയം അതേ
സ്ഥലത്ത് അവനെ കണ്ടു . അങ്ങനെ പല സ്ഥലത്തുവെച്ചും അവനെ കാണുകയുണ്ടായി.
ഒരു ദിവസം അവൻ അവളെ കണ്ടപ്പോൾ പുഞ്ചിരിച്ചു . അവളും.ഒരു ദിവസം അവൻ
വന്നപ്പോൾ അവളെ കാണാനില്ല . അവൻ്റെ ഉള്ളിൽ മനസ്സിൽ എന്തോ ഒരു വിശമം
തോന്നി
വീട്ടിൽ ഇരുന്ന അവൾക്കും .പിറ്റേന്ന് ജോലി കഴിഞ്ഞ് അവൾ ബസ്സ്റ്റോപ്പിൽ
നിൽക്കുമ്പോൾ അവൻ എവിടെ നിന്നോ
ഓടി വന്ന് അവളോട് ചോദിച്ചു,
"എന്തേ രണ്ടു ദിവസം കണ്ടില്ല ല്ലോ"
"സുഖമില്ലായിരുന്നു"
അവർ ഇരുവരും ആദ്യമായി സംസാരിച്ചു
അവർ സുഹൃത്തുക്കൾ ആകാൻ തീരുമാനിച്ചു. അവൾ പറഞ്ഞു, “എനിക്കങ്ങനെ ആരും കൂട്ടുണ്ടായിരുന്നില്ല. ഒരു നല്ല കൂട്ടുകാരനെ കിട്ടിയിരുന്നെൻകിൽ എന്നു ഞാൻ ഒത്തിരി ആഗ്രഹിച്ചിട്ടുണ്ട്. താൻ എന്നും എൻ്റെ നല്ല ഒരു ഫ്രണ്ട് ആയിരിക്കും.”
"അയ്യോ മറന്നു തൻ്റെ പേരെന്താ???”
"വിഷ്ണു തൻെ



Generated by CamScanner

ചിലമ്പ്

# *കാക്കയുടെ* പറ്റിയ അമളി.

കിട്ടു കാക്കയും മിട്ടുകാക്കയും സുഹൃത്തുക്കളായിരുന്നു.ഒരും ദിവസം അവർ തമ്മിൽ വഴക്കുണ്ടായിരുന്നു.താനാണ് മിടുക്കൻ എന്ന് രണ്ടു പേരും വാദിച്ചു.അവസാനം അവർ തമ്മിൽ പന്തായം വച്ചു.ആരാണ് ഏറ്റവും മിടുക്കൻ എന്ന് കണ്ടുപിടിക്കാനായിരുന്നു അത്.കനമുള്ള സഞ്ചി കൊക്കിൽ തൂക്കി പറക്കണം.ഏറ്റവും ഉയരത്തിൽ പറക്കുന്ന കാക്കൽയാരിക്കും മിടുക്കൻ.മിട്ടുകാക്ക ഒരു സൂത്രം കാണിച്ചു.അവൻ സഞ്ചിയിൽ പഞ്ഞി നിറച്ചു.എന്നാൽ, പാവം കിട്ടുകാക്ക ഇതൊന്നുമറിയാതെ സഞ്ചി നിറയെ ഉപ്പും വച്ചു പറക്കേണ്ടി വന്നു.പഞ്ഞിക്കു ഭാരം ഇല്ലാത്തതിനാൽ മിട്ടുവിനു ഉയരത്തിൽ പറക്കാൻ സാധിച്ചു.എന്നാൽ കിട്ടുവിന് അതിനു സാധിച്ചില്ല.അവർ പറന്നുകൊണ്ടിരിക്കെ പെട്ടന്ന് മഴ പെയ്തു.മഴ വെള്ളം അവരുടെ സഞ്ചയിൽ കയറാൻ തുടങ്ങി.പഞ്ഞിയിൽ വെള്ളം
വീണതോടെ അതിനു ഭാരം കൂടി.ഉപ്പിലേക്ക് വെള്ളം വീണതോടെ ഉപ്പ് അലിഞ്ഞ് പോയി.അങ്ങനെ കിട്ടുവിന് ഉയരത്തിൽ പറക്കാൻ സാധിച്ചു.അങ്ങനെ പന്തയത്തിൽ നല്ലവനായ കിട്ടു ജയിക്കുകയും ചതിയനായ മിട്ടു തോൽക്കുകയും ചെയ്തു.

***അപർണ ബോബി , VIII C.***



Generated by CamScanner




Generated by CamScanner

## എൻെറ നാട്

കേരളമെന്നുടെ നാടാണ്
നാണികേരത്തിൻെറ നാടാണ്
പുഴയൊഴുകുന്നൊരു നാടാണ്
വേളാമ്പൽ തൻ നാടാണ്
ആയിരമായിരം ഗ്രാമങ്ങൾ
ഒത്തു ചേരും നാടാണ്
കാടുകളുള്ളൊരു നാടാണ്
നന്മ നിറഞ്ഞൊരു നാടാണ്.



Generated by CamScanner

# അമ്മയുടെ വിലാപം

കൂട്ടു കൂടാൻ കൂട്ടുകാരോ അച്ഛനോ അമ്മയോ ഇല്ല.അവളുടെ പേര് സുന്ദരി.നല്ല മിടുക്കിയാണവള്.പേര് പോലെ തന്നെ സുന്ദരി.പക്ഷെ തെരുവിൻറെ സന്തതി ആണ്.പഴയ സാധനങ്ങള് പെറുക്കിയുമാണ് അവള് കഴിയുന്നത്.അവള്ക്ക് വല്യ ആഗ്രഹങ്ങള് ഒന്നും ഉണ്ടായിരുന്നില്ല.എന്കിലും ഒരു ആഗ്രഹം ഉണ്ടായിരുന്നു പള്ളിക്കൂടത്തില് പടിക്കാൻ.അത് നേടാൻ അവള്ക്ക് ഒരു വഴിയും ഇല്ലഅതു കൊണ്ട് തന്നെ പഴയസാധനങ്ങൾ അവൾ പെറുക്കി എടുക്കാൻ പോയിതുടങ്ങി മാസങ്ങൾ കഴിയുന്തോറും അവളുടെ വയർവീർത്തു കൊണ്ടിരുന്നു ഇതെന്താഇങ്ങനെ ഞാനൊന്നും കഴിച്ചിട്ടില്ലല്ലോ എന്റെ വയർ എന്താബലൂൺ പോലെ അവൾ വിചാരിച്ചു മാസങ്ങൾ പലതു കഴിഞ്ഞു വഴിയിൽ ഒരിനാൾ സാധനങ്ങൾ പെറുക്കി എടുകുമ്പോൾ വയറ്റിൽ ഒരു വേദന വന്നു ആവേദന സഹിക്കാനാവാതെ അവൾ ഒറക്കെ നിലവിളിച്ചു അമ്മേ....... റോഡിലൂടെ പോയക്കൊണ്ടിരുന്ന ചിലർ അവളെ അടുത്തുള്ള ഹോസ്പ്പിറ്റലിൽ കൊണ്ടുചെന്നാക്കി ഡോക്ടർ വന്ന് അവളെ പരിശോധിച്ചു ഡോക്ടറോട് അവൾ വിതുമ്പി കൊണ്ട് പറഞ്ഞു ഞാൻ ഒന്നും കഴിച്ചതായി എനിക്ക് ഓർമ്മ ഇല്ല പക്ഷേ എന്റെ വയർ വീർത്തു വരുന്നു എന്റെ വയറിനുള്ളിൽ എന്താണ്
പിഞ്ചുകുഞ്ഞിന്റെ ചോദ്യത്തിന് മുന്നിൽ ഡോക്ടർ ഒന്നു പതറി കുറച്ച് സമയങ്ങൾക്ക് ശേഷം ഡോക്ടർ പറഞ്ഞു നീൻെ വയറിനുള്ളിൽ നിന്നെ പ്പോലെ തന്നെ ഒരു വാവയുണ്ട് "വാവയോ" അതവൾക്ക് ഒരു പുതിയ

"വാവയോ"അത് അവൾക്ക് പുതിയ അറിവായിരുന്നു.
ഡോക്ടർ സ്വയം പറഞ്ഞു ഇത്രയും ക്രൂരത ഈ പിഞ്ചു കുഞ്ഞിനോട് ചെയ്തത് ആരാണ്. അങ്ങനെ ജനവരിയിലെ കുളിരിൽ സുന്ദരി ഒരു പെൺകുഞ്ഞിന് ജന്മം നൽകി. പിന്നെയും വർഷങ്ങൾ കഴിഞ്ഞു. അപ്പോഴാണ് തനിക്ക് നഷ്ടപ്പെട്ട വിലമതിക്കാനാവാത്ത തന്റെ ജീവിതത്തെക്കുറിച്ച് സുന്ദരി മനസ്സിലാക്കുന്നത്. വർഷങ്ങൾ പോകുന്നതോടൊപ്പം സുന്ദരിയുടെ മകളും വളർന്ന് വലുതായി.

ചിലമ്പ്

കോഴിയമ്മ തന്റെ കുഞ്ഞുങ്ങളെ ചിറകിനടിയിൽ പരുന്ത് റാഞ്ചാതെ പിടിക്കുന്നത് പോലെ ചെകുത്താന്മാരുടെ കണ്ണിൽ പെടാതെ സുന്ദരിയും സംരക്ഷിച്ച് പോവുകയായിരുന്നു, ഒരു ദിവസം പഴയ

സാധനങ്ങൾ പെറുക്കി തിരികെ വന്ന സുന്ദരി കണ്ട കാഴ്ച്ച അവളെ ഞെട്ടിപ്പിക്കുന്നതായിരുന്നു. തന്റെ പ്രീയപ്പെട്ട മകൾ രക്തത്തിൽ കുളിച്ച് കിടക്കുന്നു. ആ മാതാവ് നെഞ്ചത്തടിച്ച് കൊണ്ട് അലറിവിളിച്ചു.

മോളെ എന്റെ പൂന്നാര മോളെ നിന്നോട് ആരാണ് ഈ ക്രൂരത ചെയ്തത്, അവൾ ഉറക്കെ നിലവിളിച്ച് കൊണ്ട് ഒരു ഭ്രാന്തിയെപ്പോലെ ഓടി നടന്നു!

ആ കുരുന്നുജീവൻ എന്നെന്നെയ്ക്കുമായി പൊലിഞ്ഞ് പോയിരുന്നു. തന്റെ പൊന്നോമനയുടെ മാനം കവർന്ന്

പിച്ചി ചീന്തി കഴുത്ത് ഞെരിച്ച് കൊന്ന നീചനെത്തേടി അലയുകയാണ് ഈ മാതാവ് ഭ്രാന്തിയായി മുഴു

ഭ്രാന്തിയായി!..........

## സദ്യ

*ഉണ്ണിക്കിന്നു പിറന്നാളാണതേ*
*ഊണിന്നനവധിയാളുകളതേ*
*ഒന്നാന്തരമൊരു സദ്യ കഴിച്ചി-*
*ട്ടുണ്ണിയുറങ്ങിയെണീപ്പതു നേരം*
*സദ്യ യുമില്ലാ ആളുകളില്ല*
*കണ്ടതു വെറുമൊരു സ്വപ്നമത്രേ*



Generated by CamScanner

## സ്വാതന്ത്ര്യത്തിന്റെ മഹത്വം

ചെറിയ അരുവികളാലും കൊച്ചുകാടുകളാലും സുന്ദരമാക്കപ്പെട്ട ഹരിതമനോഹരമായ ഒരു ഗ്രാമം. ആ കൊച്ചു ഗാമത്തിലെ അധികാരിയായിരുന്നു ശിവൻ എന്ന വക്തി. ഗ്രാമത്തിലെ കർഷകരെലാം ശിവന്റെ കീഴിലായിരുന്നു. അവിടുത്തെ ജനങ്ങളെലാ-വരും വളരെ സന്തോഷത്തിലും സ്വാതന്ത്ര്യത്താലുമാണ് ജീവിച്ചിരുന്നത്. പരസ്പരസ്നേഹവും കരുണയും തുളുമ്പുന്ന ജനങ്ങൾ പരസ്പരവിശ്വാസത്തെ വച്ചുപുലർത്തുന്നവരായിരുന്നു. മറ്റുള്ള ഗ്രാമവാസികളെലാം ഈ ഗ്രാമത്തിലുള്ള ജനങ്ങളെ അസൂയയോടെയാണ് നോക്കികണ്ടിരു-ന്നത്. മറ്റുള്ള ഗ്രാമത്തിലുള്ളവരെലാം സ്വന്തം കാരങ്ങളിൽ മുഴുകി തങ്ങളിലേക്കുതന്നെ ഒതുങ്ങികൂടാൻ അഗ്രഹിക്കുന്നവരായിരാന്നു. എന്നാൽ ഇവരാണെിൽ  മറ്റുള്ളവരുടെ സങ്കടങ്ങൾ  സ്വന്തമായി കാണുകയും അതിനെ അറിഞ്ഞ് അവരെ സഹായിക്കാനുള്ള മനസ്സ് കാണിക്കുകയും ചെയ്യുന്നവരായിരുന്നു.

അങ്ങനെ അവർ സന്തോഷത്തോടെ ജീവിച്ചുപോരു മ്പോഴാണ് വ്യവസായം മുഖ്യ തൊഴിലായികണ്ടിരുന്ന ജനങ്ങളുടെ ഭൂമി കയ്യേറാൻ ചില കമ്പനി ഉദ്യോഗസ്ഥർ അവിടെ എത്തിയത്.

അവരുടെ ലക്ഷ്യം ആ ഭൂമി കയ്യേറി മൾട്ടീനാഷണൽ കമ്പനി നിർമ്മിച്ച്

ഈ ഗ്രാമത്തിലെ പാവപ്പെട്ട ജനങ്ങളെ കമ്പനിതലവന്റെ അടിമകൾ ആക്കാനായിരുന്നു. ശിവൻ ഗ്രാമത്തിന്റെ പ്രതിനിധിയായി നിന്ന് ഉദ്യോഗസ്ഥരെ ഈ ഗ്രാമത്തിൽ നിന്നും ഒഴിവാക്കാൻ ശ്രമിച്ചു. പക്ഷേ അവർ അവരുടെ ലക്ഷ്യത്തിൽ നിന്നും പിന്മാറാൻ കൂട്ടാക്കിയില്ല. കർഷകർ ഉദ്യോഗസ്ഥരെ അമിതമായി വിശ്വസിച്ച് ചതിക്കുഴിയിൽ ചെന്നു ചാടി. എന്നിരുന്നിട്ടും ശിവൻ അവരുടെ പ്രലോഭനങ്ങൾക്കു വഴങ്ങാൻ കൂട്ടാക്കിയില്ല. പുതിയ ഫാക്ടറികൾ വന്നാൽ ഈ ഗ്രാമത്തിലെ എല്ലാവർക്കും ജോലി കിട്ടുകയും എളുപ്പത്തിൽ പണം സമ്പാദിക്കാമെന്നും പറഞ്ഞ് ഉദ്യോഗസ്ഥർ അവരെ വിശ്വസിച്ചു . പടുകുഴിയിലേക്കാണ് ഈ ഗ്രാമം മുങ്ങിക്കൊണ്ടിരിക്കുന്നതെന്ന വാസ്തവം ശിവൻ ഏവരെയും അറിയിച്ചു. എന്നാൽ സാധുവായ കർഷകർക്ക് മുന്നിൽ വേറെ വഴിയില്ലായിരുന്നു.

ഫാക്ടറിനിർമ്മാണം അവസാനിച്ചതിനു ശേഷം ജോലിയുടെ കാര്യം അന്വേഷിക്കാനെത്തിയ കർഷകരെ വളരെ ബഹുമാനത്തോടെയാണ് ഉദ്യോഗസ്ഥർ നോക്കികണ്ടിരുന്നത്. ഉദ്യോഗസ്ഥർ കർഷകരുടെ കയ്യിൽ നിന്ന് നിലത്തിന്റെ പട്ടയം വാങ്ങിച്ചതിനുശേഷം അവ-

രുടെ യഥാർത്ഥ സ്വഭാവം കർഷകർക്ക് ബോധ്യപ്പെട്ടു. എന്നിരുന്നാലും പണത്തിനായി അറിയാൻ പാടിലാത്ത ജോലികൾ ചെയേണ്ടി വരുന്ന നിസ്സഹായ അവസ്ഥയിലേക്ക് അവർക്ക് സഞ്ചരിക്കേണ്ടിവന്നു. ശിവൻ ഈ അനാസ്ഥയ്ക്ക് എതിരായിരുന്നു.

കുറച്ചുനാളുകൾക്ക് ശേഷം കർഷകർക്ക് ജോലി ചെയ്തു- തിന്റെ കൂലി പോലും കിട്ടാത്ത അവസ്ഥയിലെത്തി. കൂലി ചോദിക്കാൻ ചെന്നവരോട് പരിഹാസവും ഭീഷണിമുഴക്കലും ആരംഭിച്ചു. വേറെ വഴി- ഇലാത്തതുകൊണ്ട് ഉദ്യോഗസ്ഥരുടെ അക്രമം മൂലവും കർഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അവരുടെ ആട്ടും തുപ്പും കേട്ട് അത് സഹിച്ച് അവർക്ക് ആ കമ്പനിയിൽ അടിമകൾക്ക് തുല്യമായി ജോലി ചെയേണ്ടിവന്നു.

## അത്യാഗ്രഹം ആപത്ത്

പണ്ട് പണ്ട് ഒരിടത്ത് അബ്ദുള്ള എന്ന ഒരാളുണ്ടായിരുന്നു.അയാൾ വളരെ അത്യാഗ്രഹിയായിരുന്നു,കൂടാതെ ഒരു പണക്കാരനായിരുന്നു. അബ്ദുള്ളക്ക് എൺപത് ഒട്ടകങ്ങളുണ്ടായിരുന്നു.ഒരു ദിവസം അയാൾ ഒട്ടകങ്ങളുമായി മരുഭൂമിയിലേക്കു പോയി. അപ്പോൾ അയാൾ ഒരു സന്യാസിയെ കണ്ടുമുട്ടി.ആ സന്യാസി പറഞ്ഞു,..നിൻറെ ഒട്ടകങ്ങളിൽ പകുതി ഒട്ടകങ്ങളെ എനിക്ക് തരുകയാണെൻക്കിൽ ഞാൻ നിനക്ക് ഒരു മഷി തരാം.അബ്ദുള്ള,..ഒരു മഷി കൊണ്ട് എനിക്ക് എന്ത് ഉപകാരം സന്യാസി,..ഇത് സാധാരണ മഷിയല്ല,ഒരു മാന്ത്രിക മഷിയാണ്.ഇത് നീ ഇടതു കണ്ണിൽ പുരട്ടിയാൽ നിറയെ സ്വർണനാണയങ്ങൾ കാണും അബ്ദുള്ള,..തരൂ നോക്കട്ടെ ,ശരി ഞാൻ എൻ്റെ നാൽപതു ഒട്ടകങ്ങളെ തനിക്കു തരാം.സന്യാസി,..നന്ദി.സന്യാസി പോയതിനു ശേഷം അബ്ദുള്ള വിചാരിച്ചു,..ഇടതു കണ്ണിൽ മാത്രം പുരട്ടിയാൽ ഇത്രമാത്രം ലഭിക്കുമെൻക്കിൽ വലതു കണ്ണിൽകൂടി പുരട്ടിയാൽ എത്രമാത്രം ഉണ്ടാകും.

വലതു കണ്ണിലും ആ മഷി പുരട്ടാം.അയാൾ ആ മഷി വലത്തേ കണ്ണിലും പുരട്ടി.പെട്ടെന്ന് അയാളുടെ കാഴ്ച നഷ്ടപ്പെട്ടു.അപ്പോൾ അയാൾക്ക് മനസ്സിലായി അത്യാഗ്രഹം ആപത്തെന്ന്.

ANN MARIA RESOY

6-B

## അമ്മ

അമ്മയുടെ സ്നേഹം പറഞ്ഞു തീർക്കാൻ കഴിയാത്ത വിധത്തിലാണ്.അമ്മ..എന്നു പറയുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്നത് സ്നേഹമാണ്.നന്മനിറഞ്ഞ സ്നേഹം.നമ്മളെ എല്ലാവരെയുംനോക്കിവളർത്തിയതും,പരിപാലിച്ചതും,അറിവ്ന ൽകിയതും എല്ലാം അമ്മയാണ്.അമ്മ ഒരു പ്രാർത്ഥനാനാളമാ ണ്.കാരണം കുട്ടികൾക്കുവേണ്ടിയും,തന്റെ ഭർത്താക്കന്മാർക്കു - വേണ്ടിയും എപ്പോഴും പ്രാർത്ഥിക്കുന്ന ഒരാളാണ് അമ്മ .അമ്മയുട സ്നേഹം അമൂല്യമാണ്.അത് സത്ത്യവുമാണ്.കുടുംബത്തിന്റെ നന്മക്കുവേണ്ടി എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ് അമ്മ

.അതിനുവേണ്ടി തന്റെ സഖഹങ്ങൾ പോലും മാറ്റിവെച്ച് അമ്മയെ എല്ലാം സഹിക്കുന്നു.

ജോലികഴിഞ്ഞ് വീട്ടിലേക്ക് വരുന്ന തന്റെ ഭർത്താവിനോട് കുട്ടികൾ കാണിക്കുന്ന സ്നേഹപ്രകടനം കണ്ട് സന്തോഷം കൊള്ളുകയും ചെയ്യുന്ന അമ്മ .അതുപോലെ അമ്മയാ ണ് എല്ലാം.അമ്മയുടെ സ്നേഹം തികച്ചും സുന്ദരമാണ്.അമ്മയുടെ നന്മനിറഞ്ഞ ഈ സ്നേഹത്തിൽ ഒരുപാട് കരുണയുമുണ്ട്.അതു- പോലെ എല്ലാ അമ്മയുടെയും മനസ്സിലുണ്ട് സ്നേഹം.

ചിലമ്പ്



Generated by CamScanner

**കേരളം**

കേരം തിങ്ങും നാടേ
കേരളമെന്നടെ നാടേ
വയലും പുഴയും പുൽമേടും
തിങ്ങിനിറഞ്ഞൊരു നാടേ...
പച്ചപുതച്ചൊരു നാടേ
എന്നടെ സ്വന്തം നാടേ
ഒന്നിച്ചൊന്നായി നാമെല്ലാം

## സ്വാർത്ഥത

ഇന്നത്തെ ഈ യന്ത്രവൽകൃതലോകത്തിൽ മനുഷ്യന്റെ ദുസ്വഭാവങ്ങളിൽപ്രധാനമാണ്സ്വാർത്ഥത.പണിമ്പങ്ങളുടെ പുറകെയുള്ള പാച്ചിലിൽ രക്തബന്ധങ്ങളെയും സ്വന്തം

താല്പങ്ങളക്കുവേണ്ടി എന്തും ഏത്തേം ചെയ്യാൻ

മടിക്കാത്ത ഫ്രീക്കൻ തലമുറ.ഈ ദൈവത്തിന്റെ സ്വന്തം നാടയെന്ന് കൊച്ചുകേരളത്തിൽ സമൂഹമാധ്യമങ്ങളിലൂടെ മലയാളിയുടെ കരളലിയിക്കും വിധം ഈ സ്വാർത്ഥതയുടെ തിക്തഫലങ്ങൾ കളിയാടുന്നു.

ഇന്നെന്തല്ലാമാണ് നമ്മുടെ മുമ്പിൽ നടനമാടുന്നത്.സ്വന്തം സ്വാർത്ഥ താല്പര്യത്തിന് വേണ്ടി ഒൻപത് മാസം കഴിഞ്ഞ് നൊന്ത് പ്രസവിച്ച അമ്മ കാമുകനൊപ്പം കഴിയാൻ വേണ്ടി

സ്വന്തം മക്കളെ പൊട്ട കിണറ്റിലേക്ക് എറിയുന്നു,

മതേതരത്തത്തിൽ മുൻപന്തയിൽ നിൽക്കുന്ന ഇന്ത്യമഹാരാജ്യത്തിൽ മതത്തിന്റെ പേരിൽ

അഭിമന്യുവിനെ കുത്തികൊലപ്പെടുത്തിയ

രാഷ്ട്രീയ പാർട്ടികൾ,കാമക്കണ്ണുകൊണ്ട് സ്ത്രീയെ കണ്ട് തന്റെ ആഗ്രഹം നിറവേറ്റാൻ സ്ത്രീയെ

ക്രൂരമായി മർദ്ധിക്കുന്ന മാനവ സമൂഹം.ഇതിന്റെ ഉദാഹരണമായി ഉന്നാവിന്റെ പെൺകുട്ടിയും ജിഷയും സൗമ്യയുമെല്ലാം സമൂഹത്തോട് കരയുന്നു.

തിരെഞ്ഞെടുപ്പ് സമയത്ത് കോഴ വാങ്ങി വികസിത രാജ്യം സ്വപ്നം കണ്ടോളൂ...ഞങ്ങൾ ശരിയാക്കാം എന്നു പറഞ്ഞ് ജയിക്കുമ്പോൾ സ്വന്തം താല്പര്യങ്ങൾക്കായി ജനത്തെ വിഴുങ്ങുന്ന രാഷ്ട്രീയ നേതാക്കൾ.ഗോമാതാവെന്നു പറഞ്ഞു പോത്തിനെ കൊന്നതിനാൻ വേണ്ടി ആളുകളെ കൊല്ലുന്ന സമൂഹം,ഏതൊരു ചെറിയ കാര്യത്തിനുപോലും ആത്മഹത്യ ചെയ്യുന്ന പുതുതലമുറ,വളർത്തി വലുതാക്കിയ മാതാപിതാക്കളെസങ്കടപ്പെടുത്തി അവരുടെ ദുഖം

വകവെയ്ക്കാതെ ഒളിച്ചോടുന്ന മക്കൾ കുറ്റൻ

സൗധങ്ങൾ പടുത്തുയർത്തുവോൻ വേണ്ടി പ്രകൃതിയെ അമ്മമാതാവിന്റെ രക്തം ഊറ്റി കുടിക്കുന്ന ആധുനിക തലമുറ.ഇരുപതാം നൂറ്റാണ്ടിൽ ഒ.എൻ.വി എഴുതിയ ഭൂമിക്കൊരു ചരമഗീതത്തിൽ മനുഷ്യസ്വാർത്ഥതാല്പര്യങ്ങൾ

വിവരിക്കുന്നുണ്ട്.ഇങ്ങനെ നീളുകയാണ് ഈ നീണ്ട നിര.

മതേതരത്വവും ജനാധിപത്യത്തിലു-

മായ നമ്മുടെ ഇന്ത്യയുടെ ചരിത്രം പോവുകയാണ് പുതുസ്വപ്നങ്ങളിലേക്ക് കാൽവെയ്ക്കുന്ന പുതുതലമുറയ്ക്ക്

നമ്മുടെ പഴയ ആ തലമുറയുടെ ഒത്തൊരുമയും സ്നേഹവും ഒന്നിച്ച് പ്രവർത്തിക്കുന്ന ഐക്യബോ-

ധവും പകരേണ്ടത് നമ്മുടെ ഉത്തരവാദിത്ത്വമാണ്.

ശ്രീകൃഷ്ണകുചേലന്റെ സ്നേഹം പോലെ സീതാരാമൻ

ദമ്പതിമാരുടെ പ്രേമം പോലയും നാം അടുത്ത തലമുറയെ വാർത്തെടുക്കണം.

എന്നാൽ ജനങ്ങളിൽ നിന്ന് തിരെത്തെടുത്തവർ അവരെ വിഴുങ്ങുമ്പോൾ നോ

ക്കി നിന്നുപോകുന്ന ഇരുപത്തി ഒന്നാം നൂറ്റാണ്ടില ന്റെ ജനതയ്ക്ക് ഇതെന്തുപ്പറ്റി?ഇതിന്റെ തിക്തഫല-

ങ്ങളായി രണ്ടായിരത്തിപതിനെട്ടിലെ പ്രളയവും

രണ്ടായിരത്തിപത്തൊൻപ്പതിലെ ഉരുൾപൊട്ട-

ലും മാറുമ്പോൾ.നമുക്കിനി ആ ശാന്തസൗന്ദര്യമാ-

ർന്ന പഴയ തലമുറയിലേക്ക് തിരികെ പോകാം.

ഒത്തൊരുമയുള്ള പുതുതലമുറയെ വാർത്തെടു-

ക്കേണ്ടത് നമ്മുടെ കടമയാണ് അതിനായി

പ്രയത്ന്നിക്കാം,കൈക്കോർക്കാം.

ആൻമിദ പോൾസൺ 8c




VISMAYA .K. MADHU
IX D
SR. SARA P. C.
HEADMISTRESS
BETHLEHEM DAYARA HIGH SCHOOL
NJARALLOOR-683 562




Generated by CamScanner



Generated by CamScanner



Generated by CamScanner




Generated by CamScanner




Generated by CamScanner



Generated by CamScanner

ബേത്‌ലഹേം ദയറ ഹൈസ്കൂൾ ഞാറല്ലൂർ 41




Generated by CamScanner

ചിലമ്പ്

## മഴമുകിലും മനുഷ്യനും

കുടിനീര് കിട്ടാതെ വലഞ്ഞ മർത്യൻ
മഴമേഘത്തിനൊട് ചോദിച്ചു
ചുരത്തിടാത്തതെന്തേ നീ ഒരു തുള്ളി വെള്ളം?
വരണ്ടുപോയെൻറ ഭൂവുതൻ ഹൃത്തടം
ദാഹത്തിൽ ചൂടിലെൻതൊണ്ടകരിഞ്ഞുപോയ്
കാണാതെ പോകുന്നുവോ നീ?
മഴമുകിൽ മെല്ലെ പറഞ്ഞു
എവിടെയെൻ തരുനിരകൾ?
എവിടെയെൻ  മലനിരകൾ?
പുഴയുടെ കുളിരിൻെറ സ്പർശനമില്ലാതെ
മറുവാക്ക് ചൊല്ലുവാനാകാതെ  നിന്ന മർത്യൻ
ഒരു സത്യമന്ന് തിരിച്ചറിഞ്ഞു
എല്ലാം വിറ്റ്  തുലച്ചുനേടിയ പണത്തിനാകുമോ,
ഒരു തുള്ളി വെള്ളം  പകരം നൽകുവാൻ .



Generated by CamScanner

## എൻെറ   പ്രകൃതി


കാട്ടും നാട്ടും പൂവും പുഴയും
ഒത്തു ചേരും എൻ പ്രകൃതി
വീട്ടും മരവും മാനം മലയും
കൂടി ചേരും എൻ പ്രകൃതി

കളകളനാദംപാടി ഒഴുകും
പുഴയിടെ താളവും മേളവും
പീലിവിടർത്തി ആടിമയകും
മയിൽപീലിയും ഭംഗിതന്നെ

എൻ പ്രിയ പ്രകൃതിതൻ
സൗന്ദര്യം കാണുമ്പോൾ
അറിയാതെ അലിയുന്ന ഞാനതിൽ
**എത്ര ഭംഗി എൻ പ്രകൃതി**



Generated by CamScanner



Generated by CamScanner

# എന്നു കിട്ടി നമുക്കീ സ്വാതന്ത്ര്യം

എന്നുകിട്ടി നമുക്കീ സ്വാതന്ത്ര്യ
എന്നുകിട്ടി നമുക്കിത്.......
പീഡനം മർദനം ഏറ്റൊട്ടനേകം
യുദ്ധ സന്ദർഭങ്ങളോർത്തിതാ
അന്നുമിന്നും ചുടുനീർ ഒലിക്കുന്ന
കണ്ണുകൾ ......
മുറുകെ പിടിക്കുവിൻ
നെഞ്ചോടു ചേർക്കുവിൻ
മനസ്സിലതോർക്കുവിൻ
എന്നെന്നുമെന്നും
എന്നു കിട്ടി നമുക്കീ സ്വാതന്ത്ര്യം
എന്നു കിട്ടി നമുക്കിത്......

റിദാ ഫാത്തിമ
7.E

## ചെന്നായ പേടിച്ചേ !

*പുലിയുടെ വേഷം കെട്ടി*
*പണ്ടൊരു പാവം ചെന്നായ*
*'പുലി' യെക്കണ്ട് ഭയപ്പെട്ടോടി*
*മാനും! മർക്കടനും! ആരവിടെ!*
*പുലി ആക്രോശികച്ചു!*
*കുതിച്ചുപാഞ്ഞപ്പോൾ!*
*അറിയാത്തവനോ സിംഹത്താന്റെ*
*വായിലകപ്പെട്ടു!*
*ഭയന്ന പാവം ചെന്നായപ്പോൾ*
*വേഷമഴിച്ചിട്ടു!*
*സിംഹം അലറിയ നേരം*
*പേടിച്ചവനോടി!*
*വേഷം കെട്ടി പേടിപ്പിച്ചാൽ*
*പുലിവാലായിടും!*




Generated by CamScanner